LIBRARY ARCHIVES Kerala Legislative Assembly

നവീകരിക്കുന്നതിലേയ്ക്കുവേണ്ടി പി.എം.ജി.എസ്.വൈ, ആർ.ഐ.ഡി.എഫ്. എന്നിവയിൽ നിർമ്മിച്ച റോഡുകളും ഉൾപ്പെടുത്തി ജി.ഐ.എസ്. പ്ലാറ്റ് ഫോമിൽ ഡിസ്ട്രിക്ട് റൂറൽ റോഡ്സ് പ്ലാൻ (DRRP) തയ്യാറാക്കുന്നു. പ്രധാന ഗ്രാമീണ റോഡുകളും ലിങ്ക് റോഡുകളും ഉൾപ്പെടെ ഒരു ജില്ലയിലെ എല്ലാ റോഡു ശൃംഖലകളും ചേർന്നതാണ് DRRP. 2011-ലെ സെൻസസ് പ്രകാരമുള്ള ജനസംഖ്യയുടെയും ഗ്രാമീണ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങളായ വിദ്യാഭ്യാസം, ചികിത്സാ സൗകര്യങ്ങൾ, ഗതാഗത വാർത്താ വിനിമയ സൗകര്യങ്ങൾ, മാർക്കറ്റുകൾ എന്നിവയുടെ ലഭ്യതയും സർക്കാർ സേവനങ്ങളുടെ ലഭ്യതയും അടിസ്ഥാനമാക്കി റോഡുകളുടെ മുൻഗണന കണക്കാക്കുന്നു. ഇതിലേക്കായി എല്ലാ വർഷവും കേന്ദ്ര ഗ്രാമവികസന വകുപ്പിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് എല്ലാ ഗ്രാമീണ റോഡുകളുടെയും അവസ്ഥ (പി.സി.ഐ.) പരിശോധിച്ച് മുൻഗണനാ പട്ടിക തയ്യാറാക്കേണ്ടതുണ്ട്. ഇതിൽ നിന്നും ഫണ്ടിന്റെ ലഭ്യതയും എം.പി.-മാർ, എം.എൽ.എ.-മാർ എന്നിവരുടെ നിർദ്ദേശങ്ങളും പരിഗണിച്ച് ഓരോ വർഷവും ഏറ്റെടുക്കേണ്ട പ്രവൃത്തികൾ തിരഞ്ഞെടുക്കുന്നു. ടി പദ്ധതിയിൽ ജില്ലാതല ഗ്രാമീണ റോഡ് പ്ലാനിൽ നിന്നും 6 മീറ്ററിൽ കുറയാത്ത വീതിയുള്ള റോഡുകൾ ഏറ്റെടുക്കാവുന്നതാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നബാർഡ് ആർ.ഐ.ഡി.എഫ്. പദ്ധതിയിലുൾപ്പെടുത്തി വാമനപുരം നിയോജക മണ്ഡലത്തിൽ റോഡ് പ്രവൃത്തികളൊന്നും ഏറ്റെടുത്തിട്ടില്ല. പി.എം.ജി.എസ്.വൈ. പദ്ധതി മുഖേന ഏറ്റെടുത്ത റോഡുകളുടെ വിശദാംശം അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

നെന്മാറ മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. പദ്ധതികൾ

25 (1496) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറാ നിയോജക മണ്ഡലത്തിലെ ഏതൊക്കെ റോഡുകളെയാണ് പി.എം.ജി.എസ്.വൈ.-യിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ലിസ്റ്റിൽ ഉൽപ്പെടുത്തിയിട്ടുള്ള ഏതെല്ലാം റോഡുകളുടെ പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ;

(സി) പുതുതായി ഏതൊക്കെ റോഡുകൾക്കാണ് ഫണ്ട് അനുവദിച്ചിട്ടുള്ളത് എന്നും പ്രസ്തുത റോഡുകളുടെ പ്രവൃത്തികൾ എന്ന് തുടങ്ങാൻ കഴിയുമെന്നും വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) റോഡിന്റെ പേര്

1 അഗംപ്പാടം ചാട്ടിയോട് ആലുവശ്ശേരി

2 കണിമംഗലം കോഴിക്കോട്

3 എൻ.എസ്.എസ്. കോളേജ്, പയിറ്റാംകുന്ന്

4 പാപ്പാൻചള്ള ചെമ്മനാംതോട്

5 പാളിയമംഗലം മുക്കൻചിറ.

(ബി) പദ്ധതിയിൽ ഏറ്റെടുത്ത പാളിയമംഗലം മുക്കൻച്ചിറ എന്ന റോഡാണ് പൂർത്തീകരിച്ചത്.

(സി) പി.എം.ജി.എസ്.വൈ പദ്ധതിയിൽ പുതിയ റോഡുകളൊന്നും അനുവദിച്ചിട്ടില്ല.

ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിൽ ദിനങ്ങൾ

26 (1497) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഓരോ വർഷവും സംസ്ഥാനത്ത് എത്ര തൊഴിൽ ദിനങ്ങളാണ് ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം സൃഷ്ടിക്കാൻ കഴിഞ്ഞത്;

(ബി) പ്രസ്തുത പദ്ധതിക്കായി എത്ര രൂപയാണ് ചെലവിട്ടത്;

(സി) പ്രസ്തുത ചെലവിനത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്രയായിരുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഓരോ വർഷവും സംസ്ഥാനത്ത് സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ ചുവടെ ചേർക്കുന്നു :